# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി - 17/1848/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി - 17/1848/23 തീയ്യതി: 22/12/2023

## പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-02-2023 മുതൽ 21-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

രാജൻ.കെ.ഓഡിറ്റ് ഓഫീസർ

രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

കാർത്തിക.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ബേബി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീബ സുനിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രജനി.കെ.ആർ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-10-2022 |
| ശ്രീ.അബ്ദുൾ സമീം | അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്) | 28-10-2022 | 02-11-2022 |
| ശ്രീ.ഉണ്ണികൃഷ്ണൻ.പി.എം. | അസിസ്റ്റന്റ് സെക്രട്ടറി | 03-11-2022 | 31-03-2023 |
| ശ്രീമതി.അഖില.പി.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 22-09-2022 |
| ശ്രീ.ദേവപ്രസാദ്.പി.എച്ച്. | അസിസ്റ്റന്റ് എഞ്ചിനിയർ | 23-09-2022 | 31-03-2023 |
| ശ്രീമതി.വിജയകുമാരി.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേവതി ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഭാഗ്യലക്ഷ്മി.പി.എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അപർണ്ണ എസ്.നായർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ഷെറീന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.അർച്ചന.എൻ. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീമതി.ദിവ്യ.പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പുഷ്പലത.എം.വി. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ശാലിനി.എസ്.ആർ. | വി.ഇ.ഒ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകതകൾ | 1-1-2 |
| 4 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി. | 1-1-3 |
| 5 | Deposits Recevied ഇനത്തിലെ വ്യത്യാസം. | 1-1-4 |
| 6 | പണം പിൻവലിച്ച് കഴിഞ്ഞതിനുശേഷം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ലൈൻ എക്സ്റ്റൻഷൻ -കൈമാറിയ തുക ബാലൻസ് ഷീറ്റ് B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | നിശ്ചിത നിരക്കിൽ തേയ്മാനം കണക്കാക്കിയിട്ടില്ല. | 1-1-8 |
| 10 | പ്ലാന്റ് ആൻഡ് മെഷീനറിയുടെ മൂല്യത്തിന് അനുപാതികമായി തേയ്മാനം കണക്കാക്കിയിട്ടില്ല. | 1-1-9 |
| 11 | സി.എഫ്.സി ഗ്രാൻറ്- ബാലൻസ് ഷീറ്റിലെ B4ലെ ബാധ്യതയും B-17ലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വസ്തു നികുതി പരിഷ്കരണം- 2023 | 1-11 |
| 22 | മൊബൈൽ ടവറിന്റെ നികുതി അടവാക്കിയിട്ടില്ല. | 1-11-1 |
| 23 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-11-2 |
| 24 | റോഡ് കട്ടിങ്ങ് ഫീ-രേഖകൾ ലഭ്യമല്ല | 1-12 |
| 25 | ലേലതുക അടവാക്കുന്ന സമയത്തുതന്നെ കരാർ ചമച്ചിട്ടില്ല. | 1-13 |
| 26 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല | 1-14 |
| 27 | അങ്കണവാടി നിർമാണത്തിന് തുക നല്കിയത് -പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ് | 1-15 |
| 28 | ടേക്ക് എ ബ്രേക്ക് കേന്ദ്രം പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-16 |
| 29 | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങിയത്- ഉപയോഗം ഉറപ്പാക്കേണ്ടതാണ് | 1-17 |
| 30 | തെരുവു വിളക്കുകളുടെ കണക്ക് കാലികമാക്കിയിട്ടില്ല | 1-18 |
| 31 | വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം | 1-19 |
| 32 | എസ് സി വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | 1-19-1 |
| 33 | വയോജനങ്ങൾക്ക് കട്ടിൽ–എസ്.സി | 1-19-2 |
| 34 | സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ - വാഹനം വാടകയ്ക്ക് എടുക്കൽ– മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല | 1-20 |
| 35 | എ.ബി.സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 36 | ലൈഫ് മിഷൻ - ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം) പൂർത്തിയാക്കിയിട്ടില്ല | 1-22 |

| | | |
|---|---|---|
| 37 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-23 |
| 38 | ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കുന്നില്ല | 1-24 |
| 39 | ആസ്തികൾക്ക് തേയ്മാന നിരക്ക് കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ് ചെലവ് പത്രിക സംക്ഷിപ്തം | |

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **1.7.2023 ലെ 1(1)**-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **5.7.2023-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2022-23** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**സ്ഥലം : പാലക്കാട്**

**തീയതി : 22.12.2023**

2022-23 ലെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി താഴെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി : 15/30.11.2023.) ടി എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ, എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകതകൾ**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1540130 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5212467 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 രസീത് തെറ്റായ ശീർഷകത്തിൽ നൽകി.**

| ഹെഡ് കോഡ് | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ I- 5-ഫീസ് ആൻഡ് യൂസർ ചാർജ്സ് | റസീറ്റ് ആൻഡ് പേയ്മെന്റ് RP-5 |
|---|---|---|
| 150100107-Recepits From Sale Of Usufructs Of Trees | 5100 | 0 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (15/30.11.2023)മറുപടിലഭ്യമാക്കിയിട്ടില്ല.ടി ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ Other Rents -Narration-head Correction Demand എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രസീതിയുടെ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ വാടക എന്ന് രേഖപ്പെടുത്തിയ തുക ടി ഹെഡിൽ ഉൾപ്പെടുത്തിയതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

**1-1-4 Deposits Recevied ഇനത്തിലെ വ്യത്യാസം.**

| | മുന്നിരിപ്പ് | വരവ് | ചെലവ് | ബാലൻസ് | വ്യത്യാസം |
|---|---|---|---|---|---|
| | B-7 (Previous) | RP-33 (R) | RP 33(p) | B-7 (Current) | |
| 340100301 Contractor's Retention | 15066 | 25941 | -- | 50463 | 9456 |

**1-1-5 പണം പിൻവലിച്ച് കഴിഞ്ഞതിനുശേഷം ബാങ്ക് ബുക്കിൽ രേഖപെടുത്തിയിരിക്കുന്നു.**

A/c-450210101 ___ CANARA BANK CFC (083101063162)

| തുക/ചെക്ക് നം. | പാസ് ബുക്ക് പ്രകാരം പിൻവലിച്ച തീയതി | ബാങ്ക് ബുക്ക് പ്രകാരം രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 72268/2577422 | 25.06.2022 | 01.8.2022 |

2011 ലെ കേരള പഞ്ചായത്തിരാജ് അക്കൗണ്ട്സ് ചട്ടം 27 പ്രകാരം ചെലവുകളുടെ അക്രൂവൽ രീതിയെ സംബന്ധിച്ചും, ചട്ടം 29 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങളെ കുറിച്ചും വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യമായ രേഖകൾ പരിശോധിച്ച്, തുക പാസാക്കി, ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയതിനു ശേഷം മാത്രമാണ് ചെക്ക് നൽകുന്നതിനും ടി ചെക്ക് പ്രകാരമുള്ള തുക

പാസ്ബുക്കിൽ നിന്നും പിൻവലിക്കുന്നതിനും അനുമതി നൽകിയിരിക്കുന്നത്. എന്നാൽ തുക പിൻവലിച്ച് കഴിഞ്ഞതിന് ശേഷം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്ന രീതി ശരിയായ നടപടിക്രമമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/30.11.2023) മറുപടിലഭ്യമാക്കിയിട്ടില്ല.

**1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രിയില്ല. മറ്റ് നികുതി വരുമാനങ്ങളായ ലൈസൻസ്, തൊഴിൽ നികുതി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

**1-1-7 ലൈൻ എക്സ്റ്റൻഷൻ -കൈമാറിയ തുക ബാലൻസ് ഷീറ്റ് B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിലെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട " ഷാരിപറമ്പ് കുടിവെള്ള പദ്ധതിയുടെ ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ പ്രവർത്തിക്കുവേണ്ടി Project No.129/23 പ്രകാരം 433444/ രൂപ കെ.എസ്.ഇ.ബി.ക്ക് നൽകിയിട്ടുണ്ട്. 2022-2023 സാമ്പത്തികവർഷത്തിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ 433444/-രൂപ വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-8 നിശ്ചിത നിരക്കിൽ തേയ്മാനം കണക്കാക്കിയിട്ടില്ല.**

തൻ വർഷത്തെ വാർഷിക കണക്കിൽ നിശ്ചിത നിരക്കിൽ തേയ്മാനം കണക്കാക്കിയിട്ടില്ല. വാർഷിക കണക്ക്, ഡിപ്രീസിയേഷൻ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ഖണ്ഡിക 1-25 ൽ ചേർത്തിട്ടുണ്ട്.

**1-1-9 പ്ലാന്റ് ആൻഡ് മെഷീനറിയുടെ മൂല്യത്തിന് അനുപാതികമായി തേയ്മാനം കണക്കാക്കിയിട്ടില്ല.**

Head Code-416100106 -Plant And Machinery

| വർഷം | 2020-2021 | 2021-2022 | 2022-2023 |
|---|---|---|---|
| I 17(a) പ്രകാരമുള്ള തേയ്മാനം | 58,590 | 0 | 0 |
| B -11 (E)<br>ആസ്തിയുടെ ആദ്യ മൂല്യം | 585,895.0 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| B-11 (A) Accumulated Depreciation<br>ആസ്തിയുടെ നിലവിലെ മൂല്യം | 202,954.00 | 202,954.00 | 202,954.00 |

പ്ലാന്റ് ആൻഡ് മെഷനറീസ് എന്ന ഹെഡിൽ 2021-2022, 2022-2023 സാമ്പത്തിക വർഷത്തിൽ ആസ്തിയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ B -11 (E)യിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചറിൽ ഡിപ്രീസിയേഷനും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടി ആസ്തിയുടെ വിവരങ്ങൾ B-11 (A) Accumulated Depreciation ഷീറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംഭവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട എൻക്വയറിയ്ക്ക് (17/30.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-1-10 സി.എഫ്.സി ഗ്രാൻറ്- ബാലൻസ് ഷീറ്റിലെ B4ലെ ബാധ്യതയും B-17ലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല.**

ബാലൻസ് ഷീറ്റിലെ B4 ലെ സി.എഫ്.സി ഫണ്ടിലെ ബാധ്യത ശീർഷകത്തിലുള്ള CFC ഗ്രാന്റ് ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും B-17ലെ CFC ഫണ്ടിനായുള്ള ബാങ്കിലെ നീക്കിയിരുപ്പ് തുകയും പൊരുത്തപ്പെടുന്നില്ല. ബി-4ൽ രേഖപ്പെടുത്തിയ ചെലവ് ചെയ്യാനുള്ള തുക 2722341 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്, സി എഫ് സി ഫണ്ടിൽ അവശേഷിക്കുന്ന ബാങ്ക് നീക്കിയിരിപ്പ് 2722299 രൂപയാണ്. പ്രസ്തുത ഫണ്ടിൽ നിന്നും ചെലവഴിച്ച 42 രൂപ Amount Payable To Other

Creditors എന്ന ഹെഡിൽ ഉൾപ്പെടുത്തിയതിനാലാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്. എല്ലാ ചെലവുകളും കൃത്യമായ ശീർഷകത്തിൽ തന്നെ അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്

26-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 7.3.23 ലെ ഭരണ സമിതി 1(1) യോഗതീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 549,103 |
| തൻവർഷം വരവ് | 180,636,550 |
| ആകെ വരവ് | 181,185,653 |
| ചെലവ് | 180,588,063 |
| നീക്കിയിരിപ്പ് | 597,590 |

വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2911553 |
| വരവ് | 21320298 |
| ആകെ | 24231851 |
| ചെലവ് | 19780168 |
| നീക്കിയിരിപ്പ് | 4451683 |

വാർഷിക കണക്കിലെ റസീറ്റ് ആൻഡ് പേയ്മെന്റിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത വിവരങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 13094000 | 13094000 | 11481686 | 1612314 |
| വികസന ഫണ്ട് – എസ്.സി.പി | 0 | 6336000 | 6336000 | 6145189 | 190811 |
| മെയ്ന്റനൻസ് ഗ്രാന്റ് –റോഡ് | 0 | 7948000 | 7948000 | 5585428 | 2362572 |
| മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 4570000 | 4570000 | 3753142 | 816858 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്-New | 247190 | 2250692 | 2497882 | 2255310 | 242572 |
| സെൻട്രൽ | 453223 | 3238000 | 3691223 | 1211454 | 2479769 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഗ്രാന്റ്–New | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്– അൺടൈഡ് ഗ്രാന്റ്– Spillover | 0 | 104364 | 104364 | 83346 | 21018 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് –ടൈഡ് ഗ്രാന്റ്– Spillover | 0 | 1098954 | 1098954 | 502611 | 596343 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 266127 | 1046026 | 1312153 | 460543 | 851610 |
| TSC | 0 | 229479 | 229479 | 229479 | 0 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 0 | 240241 | 240241 | 236447 | 3794 |
| ഹെൽത്ത് ഗ്രാന്റ് (Wellness Centres) | 0 | 111872 | 111872 | 110000 | 1872 |
| ബി. ആർ.ജി.എഫ് | 0 | 1703 | 1703 | 0 | 1703 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്– അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10 | 1,214,426 | 1214436 | 1,214,286 | 150 |
| എം.എൻ.ആർ. ഇ.ജി. എസ്– തൊഴിലാളികളുടെ വേതനം | 0 | 20573768 | 20573768 | 20573768 | 0 |
| ആകെ | 10 | 21788194 | 21788204 | 21788054 | 150 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 2636 | 880000 | 882636 | 880000 | 2636 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 280340 | 276500 | 556840 | 276500 | 280340 |

## 1–5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 128 | 103176332 | 110 | 36266115 | 0 | 18 | 85.93 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 85.93% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 35.14 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 4028800 | 3499461 | 86.86 |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 2443808 | 975591 | 39.92 |
| മെഡിക്കൽ ഓഫീസർ-FHC | 11 | 11 | 1987178 | 1574556 | 79.23 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 500000 | 150000 | 30 |
| വി.ഇ.ഒ | 13 | 12 | 62799679 | 7158631 | 11.39 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 3408000 | 3190609 | 93.62 |
| സെക്രട്ടറി | 34 | 25 | 7722450 | 4513011 | 58.44 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 1110000 | 979815 | 88.27 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 41 | 35 | 17284417 | 12425759 | 71.88 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1227000 | 1133800 | 92.40 |
| ഹെഡ്മാസ്റ്റർ | 3 | 3 | 365000 | 364882 | 99.96 |
| ആകെ | 128 | 110 | 103176332 | 36266115 | 35.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10 | 1214426 | 1214436 | 1214286 | 150 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 20573768 | 20573768 | 20573768 | 0 |
| ആകെ | 10 | 21788194 | 21788204 | 21788054 | 150 |

വാർഷിക ധനകാര്യ പത്രികയിലെ I 6 + B 3 തുകയും I 14 (C) + I 14 (F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2407200 | 213 |
| 2 | വിധവാ പെൻഷൻ | 7690200 | 702 |
| 3 | വാർദ്ധക്യകാല പെൻഷൻ | 16985400 | 1718 |
| 4 | വികലാംഗ പെൻഷൻ | 2085800 | 186 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1220200 | 107 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2023 തീയ്യതിയിൽ 2.50 PM സമയത്ത് അക്കൗണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 10732/- (പതിനായിരത്തി ഏഴുന്നൂറ്റി മുപ്പത്തിരണ്ട്) രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കണക്ക് കൃത്യമാക്കേണ്ടതാണ്. വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

തനത് ഫണ്ട് വൗച്ചറുകളിൽ എല്ലാ അനുബന്ധരേഖകളും ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.
ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്. സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2008-09 മുതൽ 2012-13 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാനവശേഷിക്കുന്നില്ല

## 1-11 വസ്തു നികുതി പരിഷ്കരണം- 2023

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത്

വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്‌വെയർ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലായി 6549 കെട്ടിടങ്ങളാണ് നിലവിലുള്ളത്.

**വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ**

01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 16.06.2023 ലെ 4/1 നമ്പർ ശുപാർശയോടെ ഭരണസമിതിയുടെ 16.06.2023 ലെ 4/2 നമ്പർ തീരുമാനപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അംഗീകരിക്കുകയും ആയത് പ്രകാരം വസ്തുനികുതി പരിഷ്കരണനിരക്കുകളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ നടപ്പാതകളെ മേഖലകളായും അന്തിമമായി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 16.06.2023 ന് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

**വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം**

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ സ്വമേധയാ ഉണ്ടായിട്ടുണ്ട്.

വസ്തു നികുതി പരിഷ്കരണത്തിൽ സഞ്ചയ സോഫ്റ്റ് വെയറിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച ഓഡിറ്റ്അന്വേഷണത്തിന് (2/22.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ഡാറ്റ പ്യൂരിഫിക്കേഷൻ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുണ്ടെന്നും,ഫോം 6വസ്തുനികുതി പരിഷ്കരണത്തിന് മുൻപും ശേഷവും ഉള്ള വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്നുണ്ടെന്നുള്ള വിവരവും അറിയിച്ചിരിക്കുന്നു.

**ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം**

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ളോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ്അന്വേഷണത്തിന് (2/22.11.2023) മറുപടി ലഭ്യമാക്കിയ പ്രകാരം വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി 4 ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. 43 കെട്ടിടങ്ങളുടെ 9 B ഫോം ലഭ്യമായിട്ടുണ്ട് .

ഗ്രാമപഞ്ചായത്തിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി-22.03.2023) പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-11-1 മൊബൈൽ ടവറിന്റെ നികുതി അടവാക്കിയിട്ടില്ല.**

സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിച്ചതിൽ 7/428 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എ &പി ആർക്കേഡ് കടവന്ത്ര പി.ഒ, കൊച്ചി എന്ന വിലാസത്തിലുള്ള സ്ഥാപനത്തിന്റെ മൊബൈൽ ടവറിന്റെ 2019മുതൽ നാളിതു വരെയുള്ള നികുതിയായ 42759/-രൂപ അടവാക്കിയതായി കാണുന്നില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിപ്രകാരം (13/25.11.2023) റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

പ്രസ്തുത സ്ഥാപനത്തിൽ നിന്നും നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11-2 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.**

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. സഞ്ചയ ഡേറ്റബേസ് പരിശോധിച്ചതിൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വിവിധ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് വിലാസം | കെട്ടിട നം | സഞ്ചയ പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| 1 | പി.ജയദാസൻ, കുണ്ടളശ്ശേരി | 4/139/ | 168 |
| 2 | സൈതുമുഹമ്മദ്.കെ.വി ഏർവാടി മൻസിൽ, കേരളശ്ശേരി, | 7/199/ | 182 |
| 3 | മോഹൻദാസ്, സുമോഹന, കേരളശ്ശേരി, | 7/259/ | 150 |
| 5 | രാജഗോപാലൻ, ശ്രീനികേതനം, കേരളശ്ശേരി, | 7/424/ | 172 |
| 6 | പി .കെ.ശിവദാസൻ, പൊട്ടംമ്പാടം, കേരളശ്ശേരി, | 8/127/ | 102 |
| 7 | യു സാവിത്രി, തോട്ടംമന, വടശ്ശേരി, | 2/166 | 109.15 |

ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിപ്രകാരം (13/25.11.2023) കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റം വരുത്താമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതും ടി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-12 റോഡ് കട്ടിങ്ങ് ഫീ-രേഖകൾ ലഭ്യമല്ല**

റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കുന്നതിന്റെ അപേക്ഷ അനുമതിയും സ്വീകരിക്കേണ്ട മറ്റ് നടപടിക്രമങ്ങളും സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് നമ്പർ: GO(MS) 59/2020/PWD,

30.07.2020 പുറപ്പെടുവിക്കുകയും തുടർന്ന് വിവിധ ആവശ്യങ്ങൾക്കായി റോഡ് കട്ട് ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുമ്പോൾ ഏജൻസികളിൽ നിന്നും ഈടാക്കേണ്ട റസ്റ്റോറേഷൻ ചാർജ്ജ്, എഗ്രിമെന്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, എന്നിവ സംബന്ധിച്ചും അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചുമുള്ള മാർഗ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ സർക്കുലർ നം; CE/R&B/GL-RC/3/2018,24.09.2020 പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തടുക്കശ്ശേരി റോഡിൽ 2500 മീറ്റർ (One Side)റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ടെലികോം കമ്പനി Row/1045482 നമ്പർ കത്ത് പ്രകാരം സുഗമ പോർട്ടലിൽ (Row Service) അപേക്ഷ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ അപേക്ഷയിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം HDD മെത്തേഡ് വഴിയാണ് റോഡ് കട്ടിംഗ് ജോലികൾ നടത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നത്. ആയതിൻ പ്രകാരം 20.03.2023 തീയതിയിൽ രസീതി നം. 1220000209 പ്രകാരം 57404 രൂപ റോഡ് കട്ടിങ് ഫീസ് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് ഓൺലൈൻ മുഖേന പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. ടി നടപടികൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയ വിവരങ്ങൾ സുഗമ പോർട്ടലിൽ ലഭ്യമല്ല. ആയതിനാൽ സെക്രട്ടറി അനുമതി നൽകിയ വിവരത്തെ കുറിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (18/30.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച വിവരങ്ങൾക്ക് സുഗമ പോർട്ടിലെ വിവരങ്ങളും, വാർഷിക കണക്കിലെ ടി ഹെഡിലെ വരവും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളത്. റോഡ് കട്ടിങിന് അനുമതി നൽകുമ്പോൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ സർക്കുലർ നം; CE/R&B/GL-RC/3/2018, 24.09.2020 പ്രകാരം പ്രസ്തുത സ്ഥാപനവുമായി ധാരണാപത്രം, 30.03.2019 ലെ CE/R&B/GL-RC/2/2019 നം സർക്കുലർ പാലിച്ച് റോഡ് കട്ട് ചെയ്യുമ്പോൾ നൽകേണ്ട തുകയുടെ 2.5% സൂപ്പർവിഷൻ ചാർജ്ജും റസ്റ്റോറേഷൻ ചാർജിന്റെ മൂന്നിൽ ഒരു ഭാഗം ബാങ്ക് ഗ്യാരണ്ടിയും ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് അടവാക്കേണ്ടേതാണ്. എന്നാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ റോഡ് കട്ടിങ് ഫീയായി അടവാക്കിയ തുകയുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-13 ലേലതുക അടവാക്കുന്ന സമയത്തുതന്നെ കരാർ ചമച്ചിട്ടില്ല.

തൻ വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടത്തിയ ലേലങ്ങളിൽ എഗ്രിമെന്റ് ചമയ്ക്കാത്ത ലേലങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ലേലംനടത്തിയ വസ്തുവകകൾ | ലേലം നടത്തിയ തീയതി | ലേലം നേടിയ വ്യക്തി | മൂല്യനിർണ്ണയ പ്രകാരമുള്ള തുക | ലേലതുക/ രസീതി നം / തീയതി |
|---|---|---|---|---|---|
| 1 | ഗവ.എൽ.പി സ്കൂളിലെ സ്റ്റേജ് മേൽക്കൂരയുടെ ഭാഗമായി ഉപയോഗിക്കാൻ കഴിയാത്ത ഷീറ്റുകളും കമ്പികളും | 17.06.2022 | പങ്കജലോചനൻ, സ്നേഹ തീരം | AE/LSGD /LID&EW SECTION /21-22 10000 | 6500/- 1220100581/ 17-06-2022 |
| 2 | പടിഞ്ഞാറേ മുറി സ്കൂളിലെ തേക്ക് മരം | 6.9.2022 | വാസിർ കെ. കുണ്ടലശ്ശേരി | P4-2405/2021 Dt.30.12.2021 17534 | 9600/- 1220101073/ 06-09-2022 |
| 3 | 9-ാം വാർഡിലെ അംഗൻവാടി സെന്റർ നം. 81 ലെ സ്റ്റീൽ പെപ്പ് | 14.9.2022 | പങ്കജലോചനൻ | 03AE/LSGD /LID&EW SECTION /22-23 | 5000/- 1220101138/ 14-09-2022 |

| | | | | | |
|---|---|---|---|---|---|
| | ആൻഗിൾ എന്നിവ | | | 10000 | |

2005 പഞ്ചായത്തിരാജിലെ (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ട പ്രകാരം മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്. എന്നാൽ ലേലം കൊണ്ടവ്യക്തികൾ എഗ്രിമെന്റ് ചമച്ചിട്ടില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം (3/23.11.2023) ശ്രീ.പങ്കജലോചനൻ 25.11.2023 തീയതിയിൽ എഗ്രിമെന്റിൽ ഒപ്പ് രേഖപ്പെടുത്തിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ വാസിർ കെ. കുണ്ടലശ്ശേരി എന്ന വ്യക്തിയുമായി കരാർ ചമച്ച വിവരങ്ങൾ ലഭ്യമല്ല.

**ഓഡിറ്റ് നിർദ്ദേശം**

ലേലത്തിന്റെ തുക അടവാക്കുന്ന സമയത്തുതന്നെ ലേലം കൊണ്ട വ്യക്തികളിൽ നിന്നും മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്.

**1-14 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രൊജക്ട്- | S0065/23- കേരളശ്ശേരി ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ ) |
| അടങ്കൽ | 150000രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ്: | ബിൽ നം -1/22-23 |
| തിയതി- | 8.2.2023- 150000/രൂപ. |

കേരളശ്ശേരി ഗവ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ എന്ന പ്രൊജക്ടിൽ 24.01.2023 തീയതിയിലെ PF 1196 ഇൻവോയിസ് നം. പ്രകാരം 150000 രൂപയുടെ മരുന്ന് ആവശ്യപ്പെടുകയും 8.2.2023ന് കേരളസ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് ടി തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും 56039 രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭ്യമായിരിക്കുന്നത്. അവശേഷിക്കുന്ന 93961 രൂപയുടെ മരുന്ന് നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. തുക കൈമാറിയതിനുശേഷം സ്ഥാപനവുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല. ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക്(4/25.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് നിരന്തരമായി കേരളസ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയെ കത്ത്, ഫോൺ മുഖേന ബന്ധപ്പെട്ടുവെന്നും, മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ടി വിവരം ഓഡിറ്റിനെ അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റിന്റെ അഭിപ്രായം**

മരുന്നുകൾ യഥാസമയം ലഭ്യമാക്കേണ്ടതാണ്. പണം കൈമാറുന്ന സ്ഥാപനവുമായി എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്. കാലാവധി കഴിഞ്ഞിട്ടും ലഭ്യമാവാത്ത 93961/- രൂപയുടെ മരുന്ന് ലഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഇൻവോയിസ്, ഫൈനൽ ബില്ല് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-15 അങ്കണവാടി നിർമാണത്തിന് തുക നല്കിയത് -പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ്**

സംയുക്ത പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് വിഹിതം നല്കിയത്

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് (രൂപ) | ഏജൻസി |
|---|---|---|---|---|
| 1 | 132/23- പോത്തൻകുന്ന് അങ്കണവാടി നിർമാണം | 1500000 (വികസന ഫണ്ട് ജനറൽ-200000+ കേന്ദ്രാവിഷ്കൃത ഫണ്ട്- | 200000 ബിൽ നം 66/28-3-2023 | MGNREGS സ്റ്റേറ്റ് മിഷൻ |

| | | | | |
|---|---|---|---|---|
| | | 700000+ബ്ലോക്ക് വിഹിതം-100000+ ജില്ലാ പഞ്ചായത്ത് -500000) | | |

അങ്കണവാടി നിർമാണത്തിനായി MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് (A/c No-799011400000486) 200000/-രൂപ നല്കിയിട്ടുണ്ട്. അങ്കണവാടി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതും, നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. (എൻക്വയറി നം.10(2)/28.11.23)

## 1-16 ടേക്ക് എ ബ്രേക്ക് കേന്ദ്രം പ്രവർത്തനക്ഷമമാക്കേണ്ടതാണ്

2022-23 ൽ ടേക്ക് എ ബ്രേക്ക് കേന്ദ്രം ഉപയോഗയോഗ്യമാക്കുന്നതിനായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനും, നാപ്കിൻ വെൻഡിങ്ങ് മെഷീൻ, ഇൻസിനിറേറ്റർ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
|---|---|---|---|
| 1 | 103/23-ടേക്ക് എ ബ്രേക്ക് ഇലക്ട്രിഫിക്കേഷൻ | 165000 (CFC) | 108972 ( ബിൽ നം- 54 / 20-2-2023) |
| 2 | 103/23-ടേക്ക് എ ബ്രേക്ക് കേന്ദ്രത്തിൽ നാപ്കിൻ വെന്റിങ്ങ് മെഷീൻ, ഇൻസിനിറേറ്റർ സ്ഥാപിക്കൽ | 200860(CFC) | 181000 (ബിൽ നം- XVFC/2022-23 /P/41, 27-3-2023) |

ടേക്ക് എ ബ്രേക്ക് ഇലക്ട്രിഫിക്കേഷൻ പ്രോജക്ട് പൂർത്തീകരിച്ച് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. നാപ്കിൻ വെന്റിങ്ങ് മെഷീൻ, ഇൻസിനിറേറ്റർ എന്നിവ GeM മുഖേന Happy Hands Global എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ടേക്ക് എ ബ്രേക്ക് കേന്ദ്രത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള റാമ്പ് നിർമ്മിക്കുന്നതിന് PWD റോഡ് സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 2-6-2023 ലെ EERDDVOPKD/460/2023-A4-PWD ഉത്തരവ് പ്രകാരമാണ് അനുമതി ലഭ്യമായിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10(3)/28.11.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ടേക്ക് എ ബ്രേക്ക് കേന്ദ്രം പ്രവർത്തനസജ്ജമാക്കാൻ ആവശ്യമായ നടപടികളെല്ലാം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

## 1-17 ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങിയത്- ഉപയോഗം ഉറപ്പാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 110/23-ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 497000 (സി എഫ് സി- 232500+ ശുചിത്വ മിഷൻ ഫണ്ട്-264500) |
| ചെലവ് | 497000<br>1) Vr.No-22200728/16-3-23-₹.264500 (ശുചിത്വ മിഷൻ)<br>2) ബിൽ നം -60/10-3-2023-₹.232500 (CFC) |

2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഹരിത കർമ്മസേനയ്ക്കായി 4.95 ലക്ഷം രൂപ ചെലവഴിച്ച്

ഒരു ഇലക്ട്രിക്കൽ ഓട്ടോ വാങ്ങിയിട്ടുണ്ട്. ജെം പോർട്ടലിൽ ഓൺലൈൻ ബിഡ് നടത്തി Happy Hands Global, പതിയൂർ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും E-Cart For Garbage With Tipping Facility എന്ന വാഹനമാണ് വാങ്ങിയിട്ടുള്ളത് (ഇൻവോയ്സ് നം.HHG-2022/23-A023, 23-02-2023).
പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 29-07-2022 ലെ 6-ാം തീരുമാന പ്രകാരം വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വാഹനത്തിന്റെ സ്പെസിഫിക്കേഷൻ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഇനം | E-Cart For Garbage With Tipping Facility |
| മോട്ടോർ ഔട്ട് പുട്ട് പവർ | 48v/1000W |
| ബാറ്ററി വോൾട്ടേജ് | 48 V |
| വാറണ്ടി | 1 വർഷം |

2023 നവംബറിലാണ് പ്രസ്തുത വാഹനം ലഭ്യമായിരിക്കുന്നത്. വാഹനം സാങ്കേതിക കാരണങ്ങളാൽ നിലവിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു.
ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി വാടകയ്ക്ക് എടുക്കുന്ന വാഹനമാണ് ഉപയോഗപ്പെടുത്തുന്നത്. വിവിധ വാർഡുകളിൽ നിന്നുള്ള മാലിന്യങ്ങൾ വാഹനം വാടകയ്ക്കെടുത്താണ് എം സി എഫിലേക്ക് എത്തിക്കുന്നത്.

വാഹനം വാങ്ങിയതിനോടനുബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ അവ്യക്തതയുണ്ട്. മാലിന്യ നീക്കത്തിനുള്ള വാഹനത്തിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചത് എപ്രകാരമാണെന്നോ വാഹനത്തിന് എത്ര ഭാരം വരെ വഹിക്കാൻ കഴിയും എന്നതോ രേഖകളിൽ നിന്നും വ്യക്തമല്ല. ഇക്കാര്യങ്ങളെക്കുറിച്ചും വാഹനം പ്രയോജനപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളും അറിയിക്കാൻ എൻക്വയറി 15/30-11-2023 നല്കിയതിന് മറുപടി ലഭിച്ചിട്ടില്ല. വാഹനം ഉപയോഗപ്രദമാക്കാൻ വാറണ്ടി കാലയളവ് പൂർത്തീകരിക്കുന്നതിന് മുൻപ് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 തെരുവു വിളക്കുകളുടെ കണക്ക് കാലികമാക്കിയിട്ടില്ല

തെരുവു വിളക്ക് അറ്റകുറ്റപ്പണികൾക്കായി രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ തൻവർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
1) 145/23-തെരുവു വിളക്ക് റിപ്പയർ AMC
അടങ്കൽ - 400000(വികസന ഫണ്ട്-ജനറൽ)
ചെലവ് - 50000(ബിൽ നം 57/1-3-2023, -₹.50000)
2) 37/23-സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- AMC (സ്പിൽ ഓവർ)
അടങ്കൽ - 200000 (CFC)
ചെലവ്-194604(1.ബിൽ നം -XVFC/2022- 23/P/21, 24-6-2022 -₹.72268
2.ബിൽ നം -XVFC/2022- 23/P/22, 13-7-2022 -₹.22336
3.ബിൽ നം -XVFC/2022- 23/P/23, 14-7-2022 -₹.100000)
ടെണ്ടർ ക്ഷണിച്ച് തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി നടത്തുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

തെരുവു വിളക്കുകളുടെ കണക്ക് കാലികമാക്കിയിട്ടില്ല

മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ടതും വാറണ്ടി നിലവിലുള്ളതുമായ ലാമ്പുകളെ ഒഴിവാക്കിയാണ് വാർഷിക അറ്റകുറ്റപ്പണിക്കായുള്ള പദ്ധതി രൂപീകരിക്കേണ്ടത്. വാറണ്ടി നിലവിലുള്ള ലാമ്പുകളെ ഒഴിവാക്കിയാണോ മെയിന്റനൻസ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം, തരം, എ.എം.സി നിലവിലുള്ള ലാമ്പുകളുടെ എണ്ണം എന്നിവയുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഓരോ പോസ്റ്റിലും സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിവരം രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല.

വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കണക്ക് കൃത്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് എൻക്വയറി നം 16/30-11-2023 നല്കിയതിന് മറുപടി ലഭ്യമായില്ല.

## 1-19 വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം

എസ് സി വിഭാഗത്തിലുൾപ്പെട്ടവർക്കായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ രണ്ടു പ്രോജക്ടുകൾ നടപ്പാക്കിയതിൽ വാങ്ങൽ നടപടിക്രമങ്ങളിൽ അപാകമുണ്ട്. പ്രോ.നം.70/23-പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും, പ്രോ.നം.60/23- 60 വയസ്സ് കഴിഞ്ഞ പട്ടികജാതിയിലുൾപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം എന്നീ പ്രോജക്ടുകൾക്കായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുമാണ്. വിശദവിവരങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-19-1 എസ് സി വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

| പ്രോജക്ട് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|
| 70/23-പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 350000 വികസനം ഫണ്ട്-SCP | 314500<br>1.ബിൽ നം 7/ 27-1-23- ₹.310250<br>2.ബിൽ നം 9/27-1-23- ₹.4250 | 1) Cashbill No- PKD 203/4-1-2023-<br>73 Chairs,<br>73 Table With One Draw<br>1)Cashbill No- PKD 219/ 16-1-2023-<br>1 Chair And<br>1 Table With One Draw |

പ്രോജക്ടിലൂടെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത മേശയും കസേരയും ARTCO യിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. മേശയും കസേരയും നൽകുന്നതിനായി ക്ഷണിച്ച ടെണ്ടർ പരസ്യം നം. 2022/944 /(1)/ASതിയതി 24-11-22 പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുമാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ആയതനുസരിച്ച് ആർട്ട്കോ, സിഡ്കോ എന്നീ ഏജൻസികൾ ടെണ്ടറുകൾ സമർപ്പിക്കുകയും 4250 രൂപ ക്വോട്ട് ചെയ്ത ആർട്ട്കോയുടെ ടെണ്ടർ തീരുമാനം നം. 6(3)/23-12-22 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 74 മേശയും കസേരയും വാങ്ങിയ വകയിൽ 314500 രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെലവ് രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.77/2019/ഫിൻ തിയതി 4-7-2019 പ്രകാരം ആർട്ട്കോ ഇന്റീരിയർ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, SIDCO പൊതുവായ സിവിൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള PMC ആയുമാണ് അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത്. അത്തരത്തിൽ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികൾക്ക് അക്രഡിറ്റേഷൻ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അർഹതയുള്ളത്. സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അവരിൽ നിന്നുമാത്രം ടെണ്ടർ ക്ഷണിക്കുവാൻ വ്യവസ്ഥയില്ല.

2. സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ നിഷ്കർഷിച്ചിട്ടില്ല. 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ബാധകമായ ലിമിറ്റഡ് ടെണ്ടറുകളിൽ ടെണ്ടറുകളുടെ എണ്ണം കുറഞ്ഞത് നാല് എണ്ണം ആയി പരിമിതപ്പെടുത്താവുന്നതാണ്.

ഏജൻസികളിൽ നിന്നുമാത്രം ടെണ്ടറുകൾ ക്ഷണിച്ചതിന്റെ കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട്

നല്കിയ എൻക്വയറിയ്ക്ക് (11/28-11-23) മറുപടി ലഭ്യമായില്ല

വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19-2 വയോജനങ്ങൾക്ക് കട്ടിൽ-എസ്.സി**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊ.നം. 60/23- 60 വയസ്സ് കഴിഞ്ഞ പട്ടികജാതിയിലുൾപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം

അടങ്കൽ -261000 (എസ്.സി.പി)

ചെലവ് - 259350രൂപ

(1.ബിൽ നം. 6/27-1-2023- ₹.119700 -(ARTCO Invoice No PKD 218/16-1-2023- 30 കട്ടിലുകൾ)

2.ബിൽ നം. 8/15-2-2023- ₹.139650- (ARTCO Invoice No PKD 273/10-2-2023- 35 കട്ടിലുകൾ )

എസ്.സി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി ക്ഷണിച്ച ടെണ്ടർ പരസ്യം നം. 2022/944/(1)/ASതിയതി 24-11-22 പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുമാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ആയതനുസരിച്ച് ആർട്ട്കോ, സിഡ്കോ എന്നീ ഏജൻസികൾ ടെണ്ടറുകൾ സമർപ്പിക്കുകയും 3990 രൂപ ക്വോട്ട് ചെയ്ത ആർട്ട്ക്കോയുടെ ടെണ്ടർ തീരുമാനം നം. 2/23-12-22 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 65 കട്ടിലുകൾ വാങ്ങുന്നതിനായി 259350 രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെലവ് രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
1. സ.ഉ(പി)നം.77/2019/ഫിൻ തിയതി 4-7-2019 പ്രകാരം ആർട്ട്കോ ഇന്റീരിയർ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, SIDCO പൊതുവായ സിവിൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള PMC ആയുമാണ് അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത്. അത്തരത്തിൽ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികൾക്ക് അക്രഡിറ്റേഷൻ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അർഹതയുള്ളത്. സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അവരിൽ നിന്നുമാത്രം ടെണ്ടർ ക്ഷണിക്കുവാൻ വ്യവസ്ഥയില്ല.

2. സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ നിഷ്കർഷിച്ചിട്ടില്ല. 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ബാധകമായ ലിമിറ്റഡ് ടെണ്ടറുകളിൽ ടെണ്ടറുകളുടെ എണ്ണം കുറഞ്ഞത് നാല് എണ്ണം ആയി പരിമിതപ്പെടുത്താവുന്നതാണ്.

ഏജൻസികളിൽ നിന്നുമാത്രം ടെണ്ടറുകൾ ക്ഷണിച്ചതിന്റെ കാരണം അറിയിക്കാനവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് 11/28-11-2023 നല്കിയതിന് മറുപടി ലഭിച്ചില്ല. വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ - വാഹനം വാടകയ്ക്ക് എടുക്കൽ- മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല**

| | |
|---|---|
| പ്രൊജക്റ്റ് നം. | 24/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| അടങ്കൽ | 800000/- |
| ചെലവ് | 627267/- (വികസന ഫണ്ട് – പൊതുവിഭാഗം സാധാരണ വിഹിതം) |

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ

ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള ഹോം കെയർ വാഹനം നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച്, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് നൽകേണ്ടതാണെന്നും ക്വട്ടേഷൻ പിഎംസി അംഗീകരിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓടുന്ന ദൂരത്തിന് ആനുപാതികമായ പരമാവധി ദിവസ വാടകയും മാർഗ്ഗരേഖയിലുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വാഹനം വാടകയ്ക്ക് എടുത്താണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ളത്. ചന്ദ്രൻ.എം.ടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള KL 9AP 928 എന്ന നമ്പർ വാഹനം ഉപയോഗിച്ചതിന്റെ വാടകയായി തൻവർഷം 179300/- രൂപ ആകെ അനുവദിച്ചിട്ടുണ്ട്.

| തുക,ട്രഷറി ബിൽ നം./തിയതി | വാടകയിനത്തിൽ അനുവദിച്ച തുക (രൂപയിൽ) |
|---|---|
| 110780/-, 5/25-07-2022 | 41800 |
| 33290/-, 6/20-08-2022 | 12100 |
| 37170/-, 10/06-09-2022 | 15400 |
| 32010/-, 12/22-10-2022 | 11000 |
| 35840/-, 15/10-11-2022 | 14300 |
| 39580/-, 16/14-12-2022 | 16500 |
| 43160/-, 19/18-01-2023 | 17600/- |
| 145576/-, 23/14-02-2023 | 17600 |
| 106291/-, 28/29-03-2023 | 17600 |
| 37000/-, 30/29-03-2023 | 15400 |
| ആകെ | 179300 |

14-03-2022 ലെ മെഡിക്കൽ ഓഫീസറുടെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം അനുവദിക്കുന്ന വാടക നിരക്ക് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം മിനിമം 800/- (15-24 കി.മീ) രൂപയും പരമാവധി 1100/- (45 കി.മീറ്ററിൽ കൂടുതൽ) രൂപയും ആണ്. മൂന്ന് പേർ ക്വട്ടേഷൻ സമർപ്പിച്ചതിൽ 25-34 കി.മീ ഓടുന്നതിന് 1000/-,1100/-,900/- എന്നീ നിരക്കുകളാണ് സമർപ്പിച്ചിട്ടുള്ളത്. ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ചന്ദ്രൻ.എം.ടി, പുല്ലാട്ടുകുഴിയിൽ, കേരളശ്ശേരി എന്ന വ്യക്തിയുടെ 900/- രൂപയുടെ ക്വട്ടേഷൻ 24-03-2022 തിയതിയിലെ 72/22 നമ്പർ മെഡിക്കൽ ഓഫീസറുടെ നടപടി ക്രമം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ വാഹനം ഉപയോഗിച്ച മുഴുവൻ ദിവസങ്ങളിലേക്കും 1100/- രൂപ വീതമാണ് വാടക നൽകിയിട്ടുള്ളത്. വാഹനം ഓടിയ വിവരങ്ങൾ സംബന്ധിച്ച ട്രിപ്പ് ഷീറ്റുകളിലൊന്നും തന്നെ പ്രവർത്തന സമയം, യാത്രാ ദൂരം, താമസിച്ച സമയം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. യാത്രാ ദൂരം പരിഗണിക്കാതെ എല്ലാ ദിവസവും പരമാവധി വാടകയാണ് അനുവദിച്ചിട്ടുള്ളത്. ഓഡിറ്റ് വേളയിൽ പി.എം.സി മിനിറ്റ്സ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ 23-04-2022, 19-08-2022, 27-12-2022 എന്നീ തിയതികളിലാണ് പി.എം.സി യോഗം ചേർന്നിട്ടുള്ളത്. എന്നാൽ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം ടി തിയതികളിലെ യോഗങ്ങളിലൊന്നും തന്നെ ക്വട്ടേഷൻ പിഎംസി അംഗീകരിച്ചിട്ടില്ല.

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് 2022-23 സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പെട്രോൾ വില വർദ്ധിച്ചതിനാലും പാലിയേറ്റീവ് രോഗികളുടെ വീടുകൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി പരന്ന് കിടക്കുന്നതിനാലും ദിവസേന 45 കിലോമീറ്ററിലധികം വാഹനം ഓടേണ്ടി

വരുന്നുണ്ടെന്നും ആയതിനാൽ ക്വട്ടേഷൻ തുകയിൽ 45 കിലോമീറ്ററിന് അനുവദിക്കുന്ന മിനിമം തുകയായ 1100/- രൂപ അനുവദിച്ച് നൽകണമെന്ന ചന്ദ്രൻ.എം.ടി എന്ന വ്യക്തി അപേക്ഷിച്ചിരുന്നെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 23-04-2022 തിയതിയിൽ നടന്ന പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയിൽ 2022-23 സാമ്പത്തിക വർഷത്തേക്ക് 45 കിലോമീറ്ററിന്റെ മിനിമം തുകയായി 1100/- രൂപ അനുവദിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ബിൽ തുകകളിൽ പ്രതിദിനം 1100/- രൂപ അനുവദിച്ചത് എന്നാണ് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷത്തിൽ ചേർന്ന പി.എം.സി യോഗങ്ങളിലൊന്നും തന്നെ ക്വട്ടേഷൻ അംഗീകരിക്കാത്തതിനാലും ട്രിപ്പ് ഷീറ്റുകളിലൊന്നും തന്നെ പ്രവർത്തന സമയം, യാത്രാ ദൂരം, താമസിച്ച സമയം എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്താത്തതിനാലും മറുപടി അംഗീകരിക്കാൻ കഴിയില്ല. തുടർന്നുള്ള വർഷങ്ങളിൽ വാഹന വാടക അനുവദിക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരവും അംഗീകൃത ക്വട്ടേഷനിലെ വ്യവസ്ഥകൾ പ്രകാരവും അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.9/27-11-2023)

## 1-21 എ.ബി.സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം. | 82/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 100000/- |
| ചെലവ് | 100000/-<br>(വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം)<br>Sanction Order - 87/05-11-2022 |

ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 100000/- രൂപ Secretary,District Panchayath, Palakkad ന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.799011400002200) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.12/28-11-2023)

## 1-22 ലൈഫ് മിഷൻ - ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം) പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | 62/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 20000000/- |
| ചെലവ് | 3724400/-<br>(3044400/- വികസന ഫണ്ട് എസ്.സി.പി + 480000/-സംസ്ഥാനാവിഷ്കൃത ഫണ്ട് +200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം) പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

| വാർഡ് നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നാളിതുവരെ നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|
| 9 | കല്ല്യാണി.കെ, മാരാത്ത്പ്പറമ്പ്, കേരളശ്ശേരി | ഒന്നാം ഗഡു കൈപ്പറ്റിയത് - 40000/-, 23-02-2021 | 100000/- |

| | | | | |
|---|---|---|---|---|
| | | രണ്ടാം ഗഡു കൈപ്പറ്റിയത് - 160000/-, 17-09-2021<br>മൂന്നാം ഗഡു കൈപ്പറ്റിയത് -100000/-, 17-09-2022<br>ആകെ - 300000/- | | |

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഗുണഭോക്താവ് നിലവിൽ ലിന്റൽ വരെ മാത്രമേ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളൂ എന്നും മെയിൻ വാർപ്പ് പൂർത്തിയാക്കുന്നതിനായി മൂന്നാം ഗഡു 100000/- രൂപ അനുവദിച്ചെങ്കിലും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലെന്നും നേരിട്ടും രേഖാമൂലവും സെക്രട്ടറി മുഖേനയും ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിരുന്നെന്നും ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി അറിയിച്ചിട്ടുണ്ട്. ടി ഗുണഭോക്താവിന്റെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും ആയത് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.6/25-11-2023)

## 1-23 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-23 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 3192 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 292 പദ്ധതികളിൽ 269 എണ്ണം നടപ്പാക്കി. ഇതിൽ 76 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 14 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| മണ്ണ്- ജല സംരക്ഷണം | 162 |
| പ്ലാന്റേഷൻ പ്രവർത്തികൾ | 51 |
| ഭവന നിർമ്മാണം | 18 |
| തോട് നവീകരണം | 15 |
| റോഡ് നിർമ്മാണം | 16 |
| തൊഴുത്ത് നിർമ്മാണം | 1 |
| കിണർ നിർമ്മാണം | 5 |
| തീറ്റപ്പുൽ കൃഷി | 1 |
| ആകെ | 269 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-24 ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കുന്നില്ല

തൻവർഷം പൂർത്തീകരിച്ച വിവിധ ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ബാരൽ ഒന്നിന് 281 വീതം കണക്കാക്കി ആകെ 40317/- രൂപ അസി.എഞ്ചിനിയർ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ഹെഡ്-150120102). ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്താതെയാണ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആയതിൽ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ്

അന്വേഷണത്തിന് (നം.8/25.11.23)സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, കാലി ബാരലുകളുടെ വില എന്നിവ വേർതിരിച്ച് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

കുറവു ചെയ്ത ജി.എസ്.ടി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ 2017 ലെ SGST/CGST നിയമം സെക്ഷൻ 51(6) പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഈടാക്കിയ നികുതി കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ആസ്തികൾക്ക് തേയ്മാന നിരക്ക് കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നു.

നിലവിൽ ഗ്രാമപഞ്ചായത്ത് തേയ്മാനം കണക്കാക്കുന്ന രീതിയനുസരിച്ച് വസ്തുവകകളിൽ നിശ്ചിത ശതമാനത്തിന്റെ അടിസ്ഥാനത്തിൽ ആസ്തിയിൽ കുറവ് വരുത്തുകയും തൊട്ടടുത്ത വർഷത്തിൽ ആസ്തിയിൽ കുറവ് വരുത്തിയ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തേയ്മാനത്തിന്റെ ശതമാനം കണക്കാക്കി ആസ്തിയുടെ മൂല്യം പുനർ നിർണ്ണയിക്കുകയും ചെയ്യുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.ബി)വകുപ്പിന്റെ 6.8.2012തീയതിലെ സ.ഉ.കൈ212/2012 നമ്പർ ഉത്തരവ് പ്രകാരം ആസ്തികൾക്ക് നിശ്ചിത ശതമാനം തേയ്മാനം തീരുമാനിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമാണ് ആസ്തിയുടെ മൂല്യം പുനർ നിർണ്ണയിക്കേണ്ടത്.വാർഷികകണക്കിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുൻ വർഷങ്ങളിൽ ഡിപ്രീസിയേഷൻ നിർണ്ണയിച്ചിട്ടുള്ള ആസ്തിയിൽ വസ്തു വകകളുടെ മൂല്യം പരിഗണിക്കാതെ വീണ്ടും ഒറിജിനിൽ വാല്യൂവിന്റെ അടിസ്ഥാനത്തിൽ ഡിപ്രീസീയേഷനായി പരിഗണിച്ചിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

(A)Head Code-416100106-

Accumulated Depreciation-vehicles

| ഓഡിറ്റ് വർഷം(AFS) | 2018-2019 | 2019-2020 | 2020-2021 | 2021-2022 | 2022-2023 |
|---|---|---|---|---|---|
| I17(a) പ്രകാരമുള്ള തേയ്മാനം | 2892 | 78,265 | 84,048 | 0 | (78265+ 13225*) = 91490 |
| B -11 E ആസ്തിയുടെ ആദ്യം മൂല്യം | 782,654 | 782,654 | 782,654 | 782,654 | 782,654 |
| B-11 (A) Accumulated Depreciation ആസ്തിയുടെ നിലവിലെ മൂല്യം | 2,892.0 | 81157 | 165205 | 165205 | 256695 |

* ഹരിതകർമ്മ സേനയുടെ പുതിയ വാഹനം

ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള 10% ശതമാനത്തിനനുസരിച്ച് ആസ്തി കുറവ് ചെയ്യുന്ന രീതി ചുവടെ ചേർക്കുന്നു.

| വർഷം | 2018-2019 | 2019-2020 | 2020-2021 | 2021-2022 | 2022-2023 |
|---|---|---|---|---|---|
| I-17(a) പ്രകാരമുള്ള തേയ്മാനം | 2892 | 77976 | 70178.6 | 63160.7 | 56844.6 |
| B -11 (E) | 782,654.0 | 782,654.0 | 782,654.0 | 782,654.0 | 782,654.0 |

| | | | | | |
|---|---|---|---|---|---|
| ആസ്തിയുടെ ആദ്യ മൂല്യം | | | | | |
| B-11 (A) Accumulated Depreciation ആസ്തിയുടെ നിലവിലെ മൂല്യം | 779762 | 701786 | 631607 | 568446 | 511601 |

ഇപ്രകാരം തേയ്മാനം കണക്കാക്കാത്തതിനാൽ ആസ്തിയുടെ മൂല്യം വാർഷികകണക്കിൽ കുറയാനുണ്ടായ സാഹചര്യം (511601-256695=254906) വിശദമാക്കുവാൻ ആവശ്യപ്പെട്ട എൻക്വയറിയ്ക്ക് (17/30.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

ലഭ്യമാക്കിയ ഡിപ്രീസിയേഷൻ ഷീറ്റിൽ എല്ലാ ആസ്തികൾക്കും ഇപ്രകാരമാണ് തേയ്മാനം കണ്ടെത്തിയിരിക്കുന്നത്. ആസ്തികളുടെ ആദ്യകാലഘട്ടത്തിലെ തേയ്മാന തുക വർഷങ്ങൾ കഴിഞ്ഞിട്ടും കണക്കാക്കുന്നതു മൂലം ആസ്തിക്ക് കൂടുതൽ തേയ്മാനം സംഭവിക്കുന്നതിനും, ആസ്തിയുടെ മൂല്യം കുറയുന്നതിനും കാരണമാവുന്നു. കൂടാതെ Accumulated Depreciation തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്ന രീതിയിലേയ്ക്ക് മാറുന്നതിനും കാരണമാവുന്നു. ആയതിനാൽ മുൻ വർഷത്തെ ബാലൻസ് ഷീറ്റിലെ B-11 (A) Accumulated Depreciation തുകയുടെ അനുപാതികമായി മാത്രം തേയ്മാനം തീരുമാനിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 22.11.2023 മുതൽ 30.11.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2022-23 വർഷത്തിൽ ലഭ്യമായതും ചെലവഴിച്ചതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2019-20 | 1277624 | ലൈഫ് ഭവനം | 277624 | 1000000 |
| | 2019-20 | 14560 | സമഗ്ര നെൽകൃഷി വികസനം | 0 | 14560 |

| | | | | | |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 22-23 | 805280 | 53/23 -സമഗ്ര നെൽകൃഷി വികസനം | 805280 | 0 |
| | 22-23 | 200000 | 62/23-ലൈഫ് പദ്ധതി SC | 200000 | 0 |
| | 22-23 | 129000 | 33/23 -ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 129000 | 0 |
| | 22-23 | 200000 | 85/23-കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 200000 | 0 |
| | 22-23 | 200000 | 76/23-ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് -ജനറൽ | 200000 | 0 |
| | 22-23 | 12100 | | 0 | 12100 |
| ആകെ- | | | | | 1026660 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 22-23 | 43000 | 33/23 -ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 43000 | 0 |
| | 22-23 | 70000 | 77/23-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-എസ്.സി | 70000 | 0 |
| | 22-23 | 808270 | 53/23- സമഗ്ര നെൽകൃഷി വികസനം | 808270 | 0 |
| | 22-23 | 250000 | 76/23-ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് -ജനറൽ | 250000 | 0 |
| | 22-23 | 30000 | ആശ്രയ | 0 | 30000 |
| | | 229434 | ലൈഫ് ഭവനം* | 0 | 229434 |
| | | 30000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് * | 0 | 30000 |
| ആകെ | | | | | 289434 |

*- ഏത് വർഷമാണ് തുക ലഭിച്ചത് എന്നതിന്റ വിവരങ്ങൾ ലഭ്യമല്ല. 2019-20 റിപ്പോർട്ട് ഖ 4-2 പ്രകാരമുള്ള വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

തൻവർഷം താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB, കോങ്ങാട് സെക്ഷൻ | 129/23-ഷാരിപറമ്പ് കുടിവെള്ള പദ്ധതിയ്ക്ക് ലൈൻ വലിക്കൽ | ബിൽ റഫറൻസ് നം -22140152000800970030/ 28-12-2022 | 433444 | 0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.) |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

മുൻ വർഷങ്ങളിൽ എടുത്ത വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ - ലൈഫ് പദ്ധതി | 2018-19 | 4983665 | 3587665 | 945058 | -- | 2642607 |

## 4-6 സ്ഥിരനിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3750രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 1-12 | 3750 | പ്രിൻസിപ്പൾ ശ്രീനാരായണ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസസ് | 1220103711/10-2-23 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഒന്നുമില്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2911553 |
| ഓഡിറ്റ് വർഷത്തെ വരവ് | 21320298 |
| ആകെ | 24231851 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 19780168 |
| നീക്കിയിരിപ്പ് | 4451683 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം–** ഒന്നുമില്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക –** ഒന്നുമില്ല

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 1997-98 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 1998-99 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 1999-00 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 2000-01 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 2 |
| 2001-02 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 2002-03 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |

| | | |
|---|---|---|
| 2003-04 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2004-05 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 2005-06 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 2 |
| 2006-07 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 2 |
| 2007-08 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 2 |
| 2008-09 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2009-10 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 0 |
| 2010-11 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2011-12 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2012-13 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 3 |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 3 |
| 2015-16 | നം.കെ.എസ്.എ-പികെഡി.17/1898/2022 , 23.11.2022 ഓഡിറ്റ് അദാലത്ത് കത്ത് | 1 |
| 2016-17 | നം.കെ.എസ്.എ-പികെഡി.17-1361/201തീ.12-3-2018 | 7 |
| 2017-18 | നം.കെ.എസ്.എ-പികെഡി17/168/2019 തീയതി: -18.10.2019 | 31 |
| 2018-19 | നം.കെ.എസ്.എ.പി.കെ.ഡി പി17-1642/19 തീ. 4-2-2020 | 8 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി പി 17 /1212/21, | 8 |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി പി17 /1213/21, 11.10.21 | 15 |
| 2021-22 | നം.കെ.എസ്.എ.പി.കെ.ഡി പി17 /443/23/തി. 17.4.23 | 22 |

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 01-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Keralasseri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Keralasseri Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Keralasseri Grama Panchayat for the Year 2022-2023 .

**1.Major Observations**

--

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit .

a)Ratios

b) notes to accounts

2)Cash flow statement- Net increase /decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

Net increase in cash and cash equivalance =1540130

"Net cash generated by Operating+ Investing+Financing Activity (A+B+C) =5212467

3.Amount shown under cash system type of receipts amount are not equal in RP-5 &I-5

4).Deposit recevied amount does not keep arithmetical accuracy.
5). Withdrawal is made without entering in bank book.
6). Lapses in making timely and accurate demand entries in respect of tax and non tax revenue.
7).Deposit amount of 433444/-with K.S.E.B which was unutilised as on 31.03.23 is not traceable to B18 schedule.

8) Depreciation is provided for an asset by more than the actual value .

9). Depreciation value not provided for Plant and mechinery .
10).CFC Grant - Balance sheet -The amount shown in B4-shedule liability head does not match with the closing balance in B-17 shedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വരവ് ചെലവ് പത്രിക സംക്ഷിപ്തം

(1)

| Keralasseri Grama Panchayat BALANCE SHEET as on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 22862353.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 20612.00 |
| 312000000 | Reserves | B-3 | 51698160.00 |
| | **Total Reserve & Surplus** | | **74581125.75** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5249342.00 |
| | **Total Grants, Contributions for Specific Purposes** | | **5249342.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 2642607.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **2642607.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 199331.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1116211.25 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1315542.25** |
| | **TOTAL LIABILITIES** | | **83788617.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 137517.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 258510.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19773351.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 71359522.00 |
| 416000000 | Accumulated Depreciation | B-11(a) | -17431148.00 |
| | **Total Fixed Assets** | | **74097752.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2042639.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 2642607.00 |
| 450000000 | Cash and Bank Balance | B-17 | 4451683.00 |
| 460000000 | Loans, Advances and Deposits | B-18 | 553936.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **9690865.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **83788617.00** |

(2)

| Keralasseri Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 2542461.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 62040.00 |
| 140000000 | Fee & User Charges | I-4 | 428115.00 |
| 150000000 | Sale & Hire Charges | I-5 | 87056.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 91086713.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1490.00 |
| 180000000 | Other Income | I-9 | 3750.00 |
| 190000000 | Prior Period Income | I-19 | -8206.00 |
| | **Total Income** | | **94211625.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 9527561.00 |
| 220000000 | Administrative Expenses | I-11 | 529151.00 |
| 230000000 | Operations & Maintenance | I-12 | 742218.00 |
| 240000000 | Interest & Finance Charges | I-13 | 2638.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5501028.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 16066236.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5400288.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 18888227.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 30451670.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1214286.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 3868655.00 |
| | **Total Expenditure** | | **92191958.00** |
| | **Gross Surplus / Deficit of income over Expenditure** | | **2019667.00** |
| | **Gross Surplus / Deficit of income over Expenditure** | | **1769190.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -258683.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **250477.00** |

(3)

| Keralasseri Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 2893662.00 |
| Cash | Cash | RP-40(a) | 17891.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 446920.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9000.00 |
| 140000000 | Fees & User Charges | RP-4 | 261238.00 |
| 150000000 | Sale & Hire Charges | RP-5 | 81956.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7520000.00 |
| 171000000 | Interest Earned | RP-9 | 1490.00 |
| 190000000 | Prior Period Income | RP-11 | 7700.00 |
| 210000000 | Establishment Expenses | RP-12 | 0.0 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | RP-19 | 0.0 |
| 311000000 | Earmarked Funds | RP-28 | 736.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 9817179.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2719010.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 3750.00 |
| 330000000 | Secured Loans | RP-31 | 0.0 |
| 340000000 | Deposits Received | RP-33 | 52841.00 |
| 350000000 | Other Liabilities | RP-35 | 398478.00 |
| | **Grand total** | | **24231851.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 8952.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 51.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2009177.00 |
| 460000000 | Loans, Advances and Deposits | RP-49 | 693818.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 55450.00 |
| 350000000 | Other Liabilities | RP-35 | 17012720.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 4415531.00 |
| Cash | Cash | RP-40(b) | 36152.00 |
| | **Grand Total** | | **24231851.00** |

ഡെപ്യൂട്ടി ഡയറക്ടർ